എന്നാൽ റിപ്പയർ ചെയ്തുകൊണ്ടിരുന്ന സമയത്തും ഒന്നും രണ്ടും നമ്പർ പ്ലാന്റ് പൂർണ്ണമായും പ്രവർത്തിച്ചിരുന്നതിനാൽ ജി.സി.ഡി.എ.യിൽ ഭാഗികമായി മാത്രമേ ജലവിതരണം മുടങ്ങിയിട്ടുള്ളൂ. ഹഡ്കോ പദ്ധതി ചാർജ്ജ് ചെയ്ത് 1200 എം.എം.സ്റ്റീൽ പൈപ്പിട്ടു മൂന്നാം നമ്പർ പ്ലാന്റിന്റെ പമ്പിംഗ് പ്രത്യേകമാക്കുക എന്നുള്ളതാണ് ഇതിന് ശാശ്വതമായ പരിഹാരം. ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥലം ലഭിച്ചു കഴിഞ്ഞാൽ ഉടൻ എല്ലാ നടപടികളും പൂർത്തീകരിച്ച് ശുദ്ധജലവിതരണം എത്രയും വേഗം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) ജോയിന്റ് ആർ.ടി. ഓഫീസുകളിലും ലേണേഴ്സ് ലൈസൻസിന് എഴുത്തു പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം

ശ്രീ. സി.കെ നാണു : എം.വി.ആക്ട് അനുസരിച്ച് ലേണേഴ്സ് ലൈസൻസ് കിട്ടാൻ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമാണ് എഴുത്തുപരീക്ഷ നടത്തുന്നത്. ജില്ലാ ആസ്ഥാനങ്ങളിൽ രാവിലെ എത്തിച്ചേരാൻ പലർക്കും കഴിയാതെ വരുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം മാത്രം ആർ.ടി. ഓഫീസുകളിൽ നടത്തുന്ന പരീക്ഷ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഉദാഹരണത്തിന് കോഴിക്കോടു ജില്ലയിൽ വടകരയിലും കൊടുവള്ളിയിലുമായി രണ്ട് ജോയിന്റ് ആർ.ടി.ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം ജോയിന്റ് ആർ.ടി.ഓഫീസിൽ എഴുത്തു പരീക്ഷ നടത്തുന്ന അവസരത്തിൽ ജോയിന്റ് ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഈ പരീക്ഷ നടത്തുന്ന ദിവസം കോഴിക്കോട് ആർ.ടി. ഓഫീസിൽ എത്തിച്ചേരുന്നു. ഇതുപോലെയായിരിക്കും കേരളത്തിലെ എല്ലാ ജില്ലകളിലും. ഈ പരീക്ഷ നടത്തുന്ന ദിവസം ആർ.ടി.ഓഫീസുകളിലേക്ക് ജോയിന്റ് ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ചെല്ലുന്നു. അപ്പോൾ സ്വാഭാവികമായും ആ ദിവസങ്ങളിൽ ജോയിന്റ് ആർ.ടി. ഓഫീസിൽ ജോയിന്റ് എം.വി.ഐ.യും ചെയ്യേണ്ട ജോലികൾ മുടങ്ങി കിടക്കും. കുറച്ചു സമയം മാത്രമേ എഴുത്തു പരീക്ഷ നടക്കുന്നുള്ളൂ. ജോയിന്റ് ആർ.ടി.ഓഫീസുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന പരീക്ഷ നടത്താൻ തീരുമാനിച്ചാൽ സ്വാഭാവികമായും കോഴിക്കോട്ടാണെങ്കിൽ തൊട്ടിൽപാലത്തുനിന്നും ആളുകൾ അരമണിക്കൂർ എഴുത്തു പരീക്ഷ നടത്താൻവേണ്ടി തലേ ദിവസം വന്ന് റൂം എടുത്ത് കോഴിക്കോട് നഗരത്തിൽ താമസിക്കേണ്ട അവസ്ഥ ഒഴിവാക്കാൻ സാധിക്കും. കാരണം ജോയിന്റ് ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും സ്വാഭാവികമായും ഇത് പരിശോധിക്കുന്നുണ്ട്. അതുകൊണ്ട് ജോയിന്റ് ആർ.ടി.ഓഫീസിൽ ഇത് നടത്താൻ സാധിക്കും. ഉദ്യോഗസ്ഥന്മാരില്ല സ്റ്റാഫില്ല എന്നു പറയുന്ന പ്രശ്നവും ഇല്ലാതാകും. കാരണം ആർ.ടി.ഓഫീസിൽ പരീക്ഷ നടക്കുമ്പോൾ ജോയിന്റ് ആർ.ടി.ഓഫീസിലെ സ്റ്റാഫാണ് അവിടെ വന്ന് പരിശോധിക്കുന്നത് അതുകൊണ്ട് അടിയന്തിരമായി ജോയിന്റ് ആർ.ടി.ഓഫീസുകളിൽ പരീക്ഷ നടത്താനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് അഴിമതി രഹിതവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ നടത്തുന്നതിനുവേണ്ടി എഴുത്തു പരീക്ഷ നടത്താൻ തീരുമാനിച്ചു. അതനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ഫീസ് ഈടാക്കുന്നതിനും പരീക്ഷ നടത്തുന്നതിനും അപ്പോൾത്തന്നെ മൂല്യ നിർണ്ണയം നടത്തി ജയിച്ചവർക്ക് ലൈസൻസ് കൊടുക്കുന്നതിനും കൂടുതൽ ഉദ്യോഗസ്ഥന്മാർ വേണ്ടിവരും. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ചുള്ള ഉദ്യോഗസ്ഥന്മാരില്ലാത്തതിനാൽ ഒരു ജില്ലയിലെ മുഴുവൻ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരേയും വിളിച്ചു വരുത്തിയാൽ മാത്രമേ ടെസ്റ്റ് നടത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ജില്ലാ ആസ്ഥാനങ്ങൾ എഴുത്തു പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തത്. ഈ വകുപ്പിൽ സംസ്ഥാനത്ത് ആകെ 194 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയും 76 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ തസ്തികയും 56 ജോയിന്റ് ആർ.ടി.ഒ.മാരുടെ തസ്തികകളും 15 ആർ.ടി.ഒ.മാരുടെ തസ്തികയുമാണുള്ളത്. 60 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഇതു സംബന്ധിച്ച് ചില കേസ്സുകളും ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നു. അതിൽ 37 പേർക്ക് പി.എസ്.സി. നിയമനമാണ്. ഹൈക്കോടതി കേസ്സുകൾ ഭാഗികമായി പൂർത്തീകരിച്ചശേഷം 12.5.99-ൽ നിയമനം നൽകി. അങ്ങനെ ജോയിൻ ചെയ്ത 35 പേരും പോലീസ് ട്രെയിനിംഗ് കോളേജിൽ ട്രെയിനിംഗിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഡ്രൈവിംഗ് ടെസ്റ്റ് കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച രീതിയിലാണ് ടെസ്റ്റു നടത്തുന്നത്. 19 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും 34 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചു വരികയാണ്. ഈ തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക്, പി.എസ്.സി. 60 പേർക്കും നിയമനം നൽകുന്ന മുറയ്ക്ക് ജോയിന്റ് ആർ.ടി. ഓഫീസുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിക്കൂടി എഴുത്തു പരീക്ഷ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. വടകരയിലെയും കൊടുവള്ളിയിലെയും പ്രശ്നങ്ങൾ പ്രത്യേകിച്ച് പരിഗണിക്കുന്നതാണ്.

(13) കണ്ണൂർ ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, കണ്ണൂർ ജില്ലാ ആശുപത്രിയുടെ സ്ഥിതി വളരെ പരിതാപകരമാണ്. കഴിഞ്ഞ മാസം 3-ാം തീയതി ജില്ലാ ആശുപത്രിയിലെ പ്രസവ വാർഡിന്റെ വെളിയിൽ വരാന്തയിൽ മുപ്പത്തഞ്ചു വയസ്സു പ്രായമുള്ള ഫാത്തിമ എന്ന സ്ത്രീ പ്രസവിച്ചതു സംബന്ധിച്ച് പത്രങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ട് ഞാൻ വായിക്കാം. പ്രസവം നിറുത്തി വയ്ക്കുക, കട്ടിൽ ശരിയാകട്ടെ. ഈ ആശുപത്രിയിലെ പ്രസവ വാർഡിൽ, ഒരു പ്രസവ വാർഡിനു ആവശ്യമായിട്ടുള്ള സൗകര്യങ്ങളില്ല. പഴകി ജീർണ്ണിച്ച കെട്ടിടവും കട്ടിലുമുള്ള തടവുകാരുടെ ഒരു വാർഡ് അവിടെയുണ്ട്. പത്തു തടവുകാരെ അഡ്മിറ്റു ചെയ്ത് ചികിൽസ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് കഴിഞ്ഞ 17-ാം തീയതി ഈ വാർഡിന്റെ മേൽക്കൂര തകർന്നത്. ആ വാർഡിൽ ഇപ്പോൾ മഴവെള്ളം വീഴാൻ തുടങ്ങിയിട്ടുണ്ട്. ഓപ്പറേഷനുശേഷം കിടത്തി ചികിൽസിക്കുന്ന പോസ്റ്റ് ഓപ്പറേഷൻ വാർഡിലും കോൺക്രീറ്റ് കെട്ടിടം തകർന്നിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്റർ അടച്ചിട്ടിരിക്കുകയാണ്. ഇതു സംബന്ധിച്ചും പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ജില്ലാ ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ അടച്ചിട്ടു. അവിടെ ഭാഗികമായി ഒരു നഴ്സിംഗ് സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly